"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റി- ജീവനക്കാര്യം- അന്തിക്കാട് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയ ശ്രീമതി. ദിവ്യ മോഹനെ വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ.(സാധാ) നം.1899/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/09/2019

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.580/2013/ധന നമ്പർ സർക്കാർ ഉത്തരവ്

3 ശ്രീമതി. ദിവ്യ മോഹൻ, അസിസ്റ്റന്റ് എഞ്ചിനീയർ 15.07.2019ൽ സമർപ്പിച്ച അപേക്ഷ

4 വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റി, മാനേജിംഗ് ഡയറക്ടറുടെ 22.07.2019 ലെ VMHS/F1/331/2019 നമ്പർ കത്ത്

5 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05.08.2019 തീയതിയിലെ E3/11063/2008/CE/LSGD നമ്പർ കത്ത്.

## ഉത്തരവ്

അന്തിക്കാട് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. ദിവ്യ മോഹനെ വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റി, മാനേജിംഗ് ഡയറക്ടർ പരാമർശം 4 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിലേക്ക് അയച്ചിരുന്നു. പരാമർശം 5ലെ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നിരാക്ഷേപ സാക്ഷ്യ പത്രം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റി, മാനേജിംഗ് ഡയറക്ടറുടെ പരാമർശം 4 പ്രകാരമുള്ള ശിപാർശയുടേയും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ പരാമർശം 5 പ്രകാരം ലഭ്യമാക്കിയ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ അന്തിക്കാട് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. ദിവ്യ

മോഹനെ വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഒരു വർഷത്തേക്ക് റൂൾ 140 (സി) പാർട്ട് 1 കെ.എസ്.ആർ പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പകർപ്പ്

മാനേജിംഗ് ഡയറക്ടർ, വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റി, വൈറ്റില, കൊച്ചി.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, അന്തിക്കാട് ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ

ശ്രീമതി. ദിവ്യ മോഹൻ, അസിസ്റ്റന്റ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, അന്തിക്കാട് ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്